## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമ സഭാ ചോദ്യം നമ്പർ:250

13.03.2020 ൽ മറുപടിയ്ക്ക്

### വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടനിർമ്മാണം നിരോധിച്ച ഉത്തരവ്

**ചോദ്യം**

ശ്രീ.അൻവർ സാദത്ത്
ശ്രീ.പി.ടി. തോമസ്
ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ
ശ്രീ.റോജി എം. ജോൺ

**മറുപടി**

ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഇടുക്കി ജില്ലയിൽ വാണിജ്യാ-വശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നിർമ്മാണം നിരോധിച്ചും 1500 ചതുരശ്ര അടിയിൽ കൂടുതലുള്ള മറ്റ് നിർമ്മാണങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയും കഴിഞ്ഞ വർഷം റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; | (എ) | പട്ടയ ഭൂമിയിലുള്ള അനധികൃത നിർമ്മാണങ്ങൾ വ്യവസ്ഥകളോടെ സാധൂകരിച്ച നൽകുന്നതിനും വ്യവസ്ഥകൾ പാലിക്കാത്ത നിർമ്മിതികൾ ഏറ്റെടുത്തു പാട്ടത്തിനു നൽകുന്നതിനും തീരുമാനം കൈക്കൊണ്ട് 22.08.2019-ലെ സ.ഉ.(കൈ)269/2019 നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുവാനുണ്ടായ പ്രത്യേക സാഹചര്യം എന്തായിരുന്നുവെന്ന് അറിയിക്കാമോ; ഈ ഉത്തരവ് കേരള ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ; | (ബി) | ബഹു.ഹൈക്കോടതിയിൽ നിലവിലുള്ള WP(C)1801/2010 നമ്പർ കേസിലെ ഇടക്കാല വിധിന്യായത്തിൽ മൂന്നാർ മേഖലയിൽ വ്യാപകമായ ഭൂമി കൈയ്യേറ്റവും അനധികൃത ക്വാറി പ്രവർത്തനങ്ങളും അനധികൃത നിർമ്മാണങ്ങളും നടക്കുന്നതായി ബഹു.കോടതി നിരീക്ഷിക്കുകയും മൂന്നാർ മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ NOC നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ, ബഹു.ഹൈക്കോടതി-യിലെ വിവിധ കേസുകളിലെ വിധിന്യായങ്ങളിൽ ഏതാവശ്യത്തിനാണോ ഭൂമി പതിച്ച നൽകിയത്, ആ ആവശ്യത്തിനു മാത്രമെ ഭൂമി ഉപയോഗിക്കാൻ പാടുള്ളുവെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| | | | പട്ടയ ഭൂമിയിൽ പട്ടയ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് വ്യാപകമായ നിർമ്മാണങ്ങൾ നടക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ഭാവിയിൽ പട്ടയഭൂമിയിലുള്ള ചട്ടലംഘനത്തോട്ടുകൂടിയുള്ള നിർമ്മാണങ്ങൾ തടയുക എന്ന ലക്ഷ്യത്തോട്ടുകൂടിയുമാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.<br>പ്രസ്തുത ഉത്തരവ് ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തിട്ടില്ല. ബഹു.ഹൈക്കോടതി സ്റ്റാറ്റസ്കോ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ഇടുക്കി ജില്ലയിലെ ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്ന പ്രസ്തുത ഉത്തരവ് പുന:പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | 22.08.2019-ലെ സ.ഉ(കൈ)269/2019 നമ്പർ ഉത്തരവിനെതിരെ പ്രതിഷേധങ്ങൾ വിവിധ കോണുകളിൽ നിന്നും ഉന്നയിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ആവശ്യമെങ്കിൽ പ്രസ്തുത ഉത്തരവിൽ ഭേദഗതി വരുത്തുന്നതുൾപ്പെടെയുള്ള വിഷയങ്ങൾ പരിശോധിച്ച് ഉചിതമായ തുടർ നടപടി സ്വീകരിക്കുന്നതാണ്. |

Indu.S.S

**സെക്ഷൻ ഓഫീസർ**

**കേരള സർക്കാർ**

സംഗ്രഹം

1964- ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു നൽകിയ ഭൂമിയിലെ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================================================

റവന്യൂ (എ) വകുപ്പ്

സ.ഉ.(കൈ) നം.269/2019/റവ. തീയതി,തിരുവനന്തപുരം, 22/08/2019

===================================================================

പരാമർശം (1) ബഹു.ഹൈക്കോടതിയുടെ WP(C)1801/2010 നമ്പർ കേസിലെ 21/01/2010-ലെ ഉത്തരവ്.

(2) ഇടുക്കി ജില്ലാ കളക്ടറുടെ 9/06/2016, 01/08/2016 എന്നീ തീയതികളിലെ C4-25908/2015 നമ്പർ സർക്കുലറുകൾ

(3) 20/10/18-ലെ സ.ഉ(കൈ)381/18/റവ നമ്പർ ഉത്തരവ്

(4) ഊർജ്ജ (ബി) വകുപ്പിന്റെ 6/5/2019 ലെ സ.ഉ.(സാധാ)നം.77/2019/PD നമ്പർ ഉത്തരവ്.

(5) ഊർജ്ജ (ബി) വകുപ്പിന്റെ 30/07/2019 ലെ സ.ഉ.(സാധാ)നം.113/2019/PD നമ്പർ ഉത്തരവ്.

(6) അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ 01/08/2019-ലെ AAG-RT/WP(C)1801/10 നമ്പർ കത്ത്

<u>ഉത്തരവ്</u>

ഇടുക്കി ജില്ലയിലെ മൂന്നാർ ഉൾപ്പെടെയുള്ള മേഖലയിലെ അനധികൃതമായി ഭൂമി കയ്യേറിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തടയണമെന്നു സംബന്ധിച്ച് One earth One life എന്ന സംഘടന ബഹു.ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസിൽ പരാമർശം (1) പ്രകാരം ബഹു.ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. മൂന്നാർ മേഖലയിൽ പരിസ്ഥിതിക്ക് കോട്ടം തട്ടുന്നതരത്തിലുള്ള കയ്യേറ്റം നടത്തി അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ, ഖനന പ്രവർത്തനങ്ങൾ എന്നിവ നടക്കുന്നതായി പ്രസ്തുത വിധിന്യായത്തിൽ പരാമർശിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിൽ മൂന്നാർ മേഖലയിൽ റവന്യൂ വകുപ്പിന്റെ No Objection Certificate ഇല്ലാതെയും പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയും യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നില്ല എന്ന് റവന്യൂ, തദ്ദേശ സ്വയം ഭരണ, പൊലീസ്, വനം വകുപ്പുകളുടെ മേധാവികൾ ഉറപ്പുവരുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൂന്നാർ മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ NOC നിർബന്ധമാക്കിക്കൊണ്ടും അപ്രകാരം സർട്ടിഫിക്കറ്റ്

അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുക്കൊണ്ടും ഇടുക്കി ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

2. കെ.ഡി.എച്ച്, പള്ളിവാസൽ, ആനവിരട്ടി, വെള്ളത്തൂവൽ, ചിന്നക്കനാൽ, ശാന്തൻപാറ, ബൈസൺവാലി, ആനവിലാസം എന്നീ 8 വില്ലേജുകളെയാണ് മൂന്നാർ പ്രദേശം എന്ന് പരിഗണിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ NOC വേണം എന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുള്ളത്. ഭൂമിയുടെ പട്ടയം, പട്ടയത്തിന്റെ സാധുത, ടി ഭൂമിയിൽ അപ്രകാരമുള്ള നിർമ്മാണം അനുവദനീയമാണോ എന്നീ സംഗതികൾ പരിഗണിച്ചാണ് NOC അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നത്. NOC യ്ക്കായി ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് തീർപ്പുകൽപ്പിക്കുന്നതിന് ദേവികുളം സബ് കളക്ടറെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ സ്വന്തം ഗൃഹ നിർമ്മാണത്തിന് NOC ലഭിക്കുന്നതിന് ജനങ്ങൾക്കുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി, സ്വന്തം താമസാവശ്യത്തിനുള്ള ഗൃഹനിർമ്മാണത്തിന് NOC അനുവദിക്കുന്നതിന് അതാത് തഹസിൽദാർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3. എന്നാൽ NOC ബാധകമാക്കിയിട്ടുള്ള പ്രദേശങ്ങളിൽ പതിച്ച് നൽകിയിട്ടുള്ള ഭൂരിഭാഗം സ്ഥലങ്ങളും 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ, 1993-ലെ പ്രത്യേക ഭൂമി പതിവ് (01.01.1977-ന് മുമ്പുള്ള വനഭൂമി കടിയേറ്റം ക്രമീകരിക്കൽ) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ളതാണ്. ഇപ്രകാരം പട്ടയം നൽകിയിട്ടുള്ള ഭൂമിയിൽ കൃഷി, ഗൃഹനിർമ്മാണം, beneficial enjoyment എന്നിവയ്ക്കാണ് പട്ടയം അനുവദിക്കുന്നത്. 1993 ലെ ചട്ടങ്ങളിൽ ചെറിയകടയ്ക്ക് കൂടി പട്ടയം അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ആയതിനാൽ മേൽ ചട്ടങ്ങൾ പ്രകാരം പട്ടയം ലഭ്യമായിട്ടുള്ള ഭൂമിയിൽ, വാണിജ്യാവശ്യത്തിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് NOC അനുവദിക്കാൻ കഴിയില്ല.

4. ബഹു.ഹൈക്കോടതിയുടെ 21.01.2010-ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേൽ പരാമർശിച്ച ഏട്ടു വില്ലേജുകളിലെ പഞ്ചായത്ത് കാര്യാലയങ്ങൾ, KSEB തുടങ്ങിയ സ്ഥാപനങ്ങൾക്ക് മതിയായ മാർഗ്ഗ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർ നൽകിയിട്ടുള്ളതാണ്. അനധികൃത കെട്ടിട നിർമ്മാണം തടയുന്നതിനായി റവന്യൂ വകുപ്പിന്റെ നിരാക്ഷേപ പത്രം ഇല്ലാതെ വൈദ്യുതി കണക്ഷൻ അനുവദിക്കരുതെന്ന നിർദ്ദേശം നൽകിയിരുന്നു. കാർഷിക, താമസ ആവശ്യങ്ങൾക്കായി മാത്രം പട്ടയം അനുവദിച്ചിട്ടുള്ള ഭൂമിയിൽ പതിവു ചട്ടങ്ങളിലെ വ്യവസ്ഥകൾ ലംഘിച്ചും ബഹു.ഹൈക്കോടതി ഉത്തരവിലെ നിർദ്ദേശം ലംഘിച്ചും വാണിജ്യാവശ്യത്തിനായി ബഹുനില കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളവയ്ക്ക് (ഹോട്ടൽ, റിസോർട്ടുകൾ തുടങ്ങിയവ) മേൽ പരാമർശിച്ച എട്ടു വില്ലേജുകളിൽ, ഗാർഹികം, ജലസേചനം, കൃഷി, വ്യവസായം, വാണിജ്യം എന്നീ ആവശ്യങ്ങൾക്കായി റവന്യൂ വകുപ്പിൽ നിന്നുള്ള നിരാക്ഷേപപത്രം ഇല്ലാതെ തന്നെ വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം വൈദ്യുതി വകുപ്പ് അനുമതി നൽകിയെങ്കിലും പിന്നീട് പരാമർശം (5) പ്രകാരം പിൻവലിക്കുകയും ചെയ്തിട്ടുണ്ട്.

5. പ്രസ്തുത സർക്കാർ ഉത്തരവ്, പരാമർശം (1) ലെ ബഹു.ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന് വിരുദ്ധമാകയാൽ One Earth One Life എന്ന സംഘടന വീണ്ടും ഹൈക്കോടതിയെ സമീപിക്കുകയും മേൽ ഉത്തരവിനെതിരെ Contempt of Court Case ഫയൽ ചെയ്യുകയും ഉണ്ടായി. WP(C) 1801/2010 കേസ് 15/7/2019-ൽ ബഹു. കോടതി വീണ്ടും പരിഗണിക്കുകയുണ്ടായി. മൂന്നാറിലെ പ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന വിഷയവും മൂന്നാറിന് പ്രത്യേക കെട്ടിട നിർമ്മാണ ചട്ടങ്ങൾ രൂപീകരിക്കുന്ന വിഷയവും സർക്കാരിന്റെ സജീവ പരിഗണനയിലാണെന്നുള്ള വിവരം അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ബഹു.ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. കൂടാതെ 17.6.2019-ൽ ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ശ്രീ.M.I.രവീന്ദ്രൻ ഡെപ്യൂട്ടി തഹസിൽദാർ, അഡീഷണൽ തഹസിൽദാരുടെ ചാർജ്ജ് വഹിച്ചിരുന്ന കാലയളവിൽ ഒപ്പിട്ടു നൽകിയിട്ടുള്ള പട്ടയങ്ങൾ ഓരോന്നിന്റെയും അർഹത വെവ്വേറെ പരിശോധിച്ച് അർഹരായവർക്ക് പുതിയ പട്ടയം അനുവദിക്കുന്നതിനും അനർഹരായവർക്ക് അനുവദിച്ചിരിക്കുന്ന പട്ടയങ്ങൾ ഉടനടി റദ്ദ് ചെയ്യുന്നതിനും ടി തീരുമാനം നടപ്പിലാക്കുന്നതിനായി ഒരു സ്പെഷ്യൽ ടീമിനെ നിയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുള്ള വിവരവും ബഹു.ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായെന്നും പ്രസ്തുത നിർദ്ദേശം പരിഗണിച്ച ബഹു.കോടതി 'Government has to take concrete and effective steps to ensure that the land issue in the Munnar Area is taken to finality and settled' എന്ന് നിർദ്ദേശിച്ചിട്ടുള്ളതായും അഡീഷണൽ അഡ്വക്കേറ്റ് ജനറൽ പരാമർശം (6) പ്രകാരം അറിയിച്ചിട്ടുണ്ട്.

6. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. സർക്കാർ ഭൂമി കയ്യേറിയവ, വീടിനും കൃഷിക്കുമായി പട്ടയം അനുവദിച്ചതും 12 വർഷത്തേക്ക് കൈമാറ്റം ചെയ്യുവാൻ പാടില്ലാത്തതുമായ ഉണ്ട ഭൂമികൾ അത് പതിച്ചു കിട്ടിയവരിൽ നിന്നും കൈമാറ്റം ചെയ്തു വാങ്ങി ഒന്നിച്ചുചേർത്തിട്ടുള്ളവ, പതിച്ചു നൽകപ്പെട്ടിട്ടുള്ള ഭൂവിനിയോഗ വ്യവസ്ഥയിൽ നിന്നും വിഭിന്നമായ ആവശ്യത്തിന് ഉപയോഗിക്കുന്നവ, പട്ടയത്തിന്റെ നിബന്ധനകൾ ലംഘിക്കപ്പെടുകയോ, WP(C) 1801/2010 നമ്പർ കേസിൽ 21.01.2010 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള നിരാക്ഷേപ പത്രം, നിർമ്മാണ അനുമതി എന്നിവ ഇല്ലാത്തവയോ ആയ നിർമ്മിതികൾ എന്നിങ്ങനെയുള്ളവ അനധികൃത കൈവശ ഭൂമിയായി പരിഗണിച്ച് വാഗമൺ ഉൾപ്പെടെ ഇടുക്കി ജില്ലയുടെ മൊത്തം കൈയ്യേറ്റങ്ങൾ പട്ടികപ്പെടുത്തി ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.
2. 1964- ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു നൽകിയ 15 സെൻറിൽ താഴെയുള്ള പട്ടയ ഭൂമിയിൽ ഉപജീവനാവശ്യത്തിന് വേണ്ടി മാത്രം

ഉപയോഗിക്കുന്ന 1500 ചതുരശ്ര അടിക്ക് താഴെ തറവിസ്തൃതിയുള്ള (പ്ലിന്ത് ഏരിയ) കെട്ടിടം മാത്രമാണുള്ളതെങ്കിൽ, അപേക്ഷകനോ അപേക്ഷകനെ ആശ്രയിച്ച് കഴിയുന്നവർക്കോ മറ്റൊരിടത്തും ഭൂമിയില്ല എന്ന് വ്യക്തമായി തെളിയിക്കുന്ന പക്ഷം (ആർ.ഡി.ഒയുടെ സർട്ടിഫിക്കറ്റ്) അപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിന് 1964 ലെ ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചു. ഈ ഉത്തരവിന്റെ തീയതി വരെയുള്ള നിർമ്മാണങ്ങൾ മാത്രം അപ്രകാരം ക്രമവൽക്കരിച്ച് നൽകുന്നതാണ്.

3. 1964- ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു നൽകിയ 15 സെന്റ് വരെയുള്ള പട്ടയ ഭൂമിയിൽ 1500 ചതുരശ്ര അടിയിലേറെ തറ വിസ്തൃതിയുള്ളതും വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതുമായ കെട്ടിടത്തിന്റെ കൈവശക്കാർ അത് അവരുടെ ഏക ജീവനോപാധിയാണെന്ന് വ്യക്തമായി തെളിയിക്കുകയാണെങ്കിൽ അത്തരം സവിശേഷ സാഹചര്യങ്ങൾ പ്രത്യേകം പരിശോധിച്ച് ഓരോ കേസിലും പ്രത്യേകം റിപ്പോർട്ട് തയ്യാറാക്കി നീതിയുക്തമായ തീരുമാനമെടുക്കുന്നതിനായി ഇടുക്കി ജില്ലാ കളക്ടർ സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

4. മുൻ ഖണ്ഡിക 2 ലും 3 ലും ഉൾപ്പെടാത്തതും പട്ടയ ഭൂമിയിലുള്ളതുമായ വാണിജ്യ നിർമ്മാണ പ്രവർത്തനങ്ങളുടെ കാര്യത്തിൽ പട്ടയം റദ്ദ് ചെയ്ത് ഭൂമിയും നിർമ്മിതികളും സർക്കാരിലേക്ക് നിക്ഷിപ്തമാക്കിക്കൊണ്ട്, നിലവിലുള്ള ചട്ടങ്ങൾ പ്രകാരമുള്ള നിരക്കുകൾക്കും വ്യവസ്ഥകൾക്കും വിധേയമായി പാട്ടത്തിന് നൽകാവുന്നതാണ്.

5. മേൽ പറഞ്ഞ വിഭാഗത്തിൽ പെടാത്തതും സർക്കാർ ഭൂമി കൈയ്യേറി നിർമ്മാണം നടത്തിയിരിക്കുന്നതുമായ പട്ടയമില്ലാത്ത ഭൂമിയും നിർമ്മാണ പ്രവർത്തനങ്ങളും ഏറ്റെടുത്ത് സർക്കാരിൽ നിക്ഷിപ്തമാക്കി പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതാണ്.

6. അനധികൃതമായി നൽകിയ പട്ടയങ്ങളെന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയതും എന്നാൽ, സർക്കാർ അനുവദിച്ചതുമായ പട്ടയങ്ങളുടെ (രവീന്ദ്രൻ പട്ടയം) കാര്യം പരിശോധിക്കുന്നതിനായി നിയോഗിക്കപ്പെട്ട അഞ്ചംഗ സമിതിയുടെ പരിശോധന പൂർത്തിയാക്കി അതിനനുസരിച്ചുള്ള തുടർ നടപടികൾ മൂന്ന് മാസത്തിനുള്ളിൽ സ്വീകരിക്കേണ്ടതാണ്.

7. മൂന്നാർ ട്രൈബ്യൂണലിന്റെ പ്രവർത്തനം അവസാനിപ്പിച്ചതിനാൽ അവിടെ കൈകാര്യം ചെയ്തിരുന്ന കേസുകൾ എവിടെ നിന്നാണോ ട്രൈബ്യൂണലിൽ എത്തിച്ചേർന്നത് ആ കോടതികളിലേക്ക് തന്നെ മടക്കി നൽകുവാൻ തീരുമാനിച്ചുള്ള ഓർഡിനൻസ് ആഭ്യന്തരവകുപ്പ് പുറപ്പെടുവിക്കേണ്ടതാണ്.

8. ഇടുക്കി ജില്ലയിൽ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം അനുവദിച്ചിട്ടുള്ള ഭൂമിയിൽ പട്ടയം ലംഘിച്ച് വാണിജ്യ നിർമ്മാണ പ്രവർത്തനങ്ങൾ ഭാവിയിൽ നടത്താതിരിക്കുന്നതിനായി ഏതാവശ്യത്തിനാണ് പ്രസ്തുത പട്ടയം അനുവദിച്ചതെന്നുള്ള വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലേ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കാവൂ എന്ന നിർദ്ദേശം

നൽകി തദ്ദേശ സ്വയംഭരണ വകുപ്പ് രണ്ടാഴ്ചക്കകം ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

9. ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം അനുവദിച്ചിട്ടുള്ള ഭൂമിയിൽ പട്ടയ വ്യവസ്ഥകൾ ലംഘിച്ച് വാണിജ്യ നിർമ്മാണ പ്രവർത്തനങ്ങൾ ഭാവിയിൽ നടത്താതിരിക്കുന്നതിനായി ബന്ധപ്പെട്ട കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഏത് ആവശ്യത്തിനാണ് പ്രസ്തുത പട്ടയം അനുവദിച്ചതെന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലേ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കാവൂ എന്ന വ്യവസ്ഥ ഉൾപ്പെടുത്തി ബന്ധപ്പെട്ട കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതാണ്.

10. മൂന്നാർ പ്രദേശത്തുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പരിസ്ഥിതിക്ക് അനുഗുണമായവിധം മാത്രമായിരിക്കണമെന്നും ഉപയോഗിക്കുന്ന വൈദ്യുതിയുടെ മുഖ്യ പങ്കം സോളാർ പാനൽ സ്ഥാപിച്ച് ഉത്പാദിപ്പിക്കണമെന്നും, മഴവെള്ള സംഭരണി നിർമ്മിക്കണമെന്നും മെച്ചപ്പെട്ട മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കണമെന്നുമുള്ള നിബന്ധനകൾ ഉൾപ്പെടുത്തിക്കൊണ്ട് വട്ടവട, ചിന്നക്കനാൽ ഒഴികെയുള്ള മേഖലകൾ ഉൾപ്പെടുന്ന ഒരു ടൗൺ പ്ലാനിംഗ് സ്കീമിന് തദ്ദേശ സ്വയംഭരണ വകുപ്പ് 6 മാസത്തിനകം രൂപം നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
വേണു.വി.
പ്രിൻസിപ്പൽ സെക്രട്ടറി

1. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
2. എല്ലാ ജില്ലാ കളക്ടർമാർക്കും
3. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (കവറിംഗ് ലെറ്റർ സഹിതം)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇൗ) / ആഡിറ്റ്
5. ആഭ്യന്തര വകുപ്പ്
6. തദ്ദേശ സ്വയം ഭരണ വകുപ്പ്
7. പൊതുഭരണ (എസ്.സി) വകുപ്പ് (07.08.2019 ലെ ഇനം. നമ്പർ 3254 പ്രകാരം)
8. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ / ഓഫീസ് കോപ്പി (A2/17724/17/RD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ